# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 528** **28.02.2017-ൽ മറുപടിയ്ക്ക്**

**<u>കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകളിൽ പണം അടയ്ക്കുവാനുള്ള സംവിധാനം</u>**

| | ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | മറുപടി<br>ഡോ. ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകളിൽ സ്വന്തം ബ്രാഞ്ചുകളിലേയും മറ്റ് ബ്രാഞ്ചുകളിലേയും പണം അടയ്ക്കുവാൻ സാങ്കേതിക തകരാർ കാരണം ജനങ്ങൾക്ക് കൂടുതൽ സമയം ചെലവഴിക്കേണ്ടി വരുന്ന കാര്യം ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ കെ.എസ്.എഫ്.ഇ. യിൽ ഏതെങ്കിലും സോഫ്റ്റ് വെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഈ സംവിധാനം തകരാറിലാകുന്ന കാര്യം പരിശോധിച്ച് സോഫ്റ്റ് വെയർ സംവിധാനം ശരിയാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | കെ.എസ്.എഫ്.ഇ.യുടെ മുഴുവൻ ശാഖകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന കോർസൊല്യൂഷൻ സോഫ്റ്റ് വെയർ ആയ CASBA(Core Application Software for Business Accounting) നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ തുടർന്ന് വരികയാണ്. ടി സോഫ്റ്റ് വെയർ നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട് സമീപ ദിവസങ്ങളിൽ ഉണ്ടായ സാങ്കേതിക തകരാറുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും നല്ലൊരളവിൽ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കെ.എസ്.എഫ്.ഇ. യിൽ ജനങ്ങൾക്ക് കൂടുതൽ നല്ല രീതിയിൽ സേവനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ഇടപാടുകാർക്ക് കൂടുതൽ മികച്ച സേവനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ.**